ഉത്തരം

(എ) മൊത്തം ഒഴിവിന്റെ 25%.

(ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 14-10-2003 വരെ വിവിധ വിഷയങ്ങളിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ തസ്തിക മാറ്റം വഴി നിയമനത്തിനായുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് 26-2-2004-ൽ ഡയറക്ടർ പ്രസിദ്ധീകരിക്കുകയും വിവിധ വിഷയങ്ങളിൽ പ്രസ്തുത കാലയളവിലുണ്ടായ ഒഴിവുകളിലേക്ക് സീനിയോറിറ്റി പ്രകാരം പൂർണ്ണമായും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനെതുടർന്ന് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിജ്ഞാപനം ഹയർ സെക്കണ്ടറി ഡയറക്ടർ 30-5-2005-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിലവിലുണ്ടായിരുന്ന ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് 30-5-2005-ൽ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംസ്ഥാന തലത്തിലായതിനാൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു വിദ്യാലയങ്ങളിൽ ലാബ് സ്ഥാപിക്കൽ

36 [1551] ശ്രീ. സി. കെ. നാണു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്ലസ്ടു വിദ്യാലയങ്ങളിൽ ലാബ് സ്ഥാപിക്കാൻ ഈ വർഷം എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ ആവശ്യകത മനസ്സിലാക്കി സഹായങ്ങൾ നൽകാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ, ബി) ഈ കാര്യത്തിന് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി സീനിയർ-ജൂനിയർ അദ്ധ്യാപകരുടെ ശമ്പളം

37 [1552] ശ്രീ. എ. എ. അസീസ്:
ടോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2002-2003 അദ്ധ്യയന വർഷം മുതൽ സീനിയർ-ജൂനിയർ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ഇതുവരെ ശമ്പളം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനും ശമ്പളം ലഭ്യമാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly